Draft #9 of File 28575/ASSISTANT DASP1/2019/DASTP Approved by DEPUTY REGISTRAR on 03-Jul-2020 02:51 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

DASP - ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്-ട്ടേം പ്രോഗ്രാംസ് - 18/06/2020 -ൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൻറെ ശുപാർശകൾ വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

Directorate for Applied Short Term Programmes

നമ്പർ. 3002/DASTP/2020/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 03.07.2020

---

*പരാമർശം:*-1) 18/06/2020-ൽ വൈസ് ചാൻസിലറുടെ ചേംബറിൽ വെച്ച നടന്ന DASP എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൻറെ മിനിട്സ്

2) യു.ഒ നം. 2421/ Ac. A 5/ 2020/ എം.ജി.യു , തിയതി, 09/06/2020

**<u>ഉത്തരവ്</u>**

18/06/2020 -ൽ, വൈസ് ചാൻസിലർ പ്രൊഫ.ഡോ. സാബു തോമസിൻറെ അധ്യക്ഷതയിൽ കൂടിയ DASP എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ പ്രോ വൈസ് ചാൻസിലർ പ്രൊഫ. ഡോ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം ഡോ. ആർ. പ്രഗാഷ്, DASP ഡയറക്ടർ-ഇൻ-ചാർജ് പ്രൊഫ. ഡോ. റോബിനെറ്റ് ജേക്കബ് എന്നിവർ പങ്കെടുത്തു.

യോഗം മുന്നോട്ടുവെച്ച ശുപാർശകൾ :-

1. DASP - യുടെ പരീക്ഷകൾ, കോവിഡ് -19 നിയന്ത്രണങ്ങൾ നിലനില്ക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വിവിധ ജില്ലകളിൽ തയ്യാറാക്കിയ പരീക്ഷാ കേന്ദ്രങ്ങളിൽ, സർവകലാശാലയിലെ മറ്റ് പരീക്ഷകൾ നടത്തുന്നതിനോടൊപ്പം നടത്താവുന്നതാണ്. ഇതിനായി, യൂണിവേഴ്സിറ്റിയിലെ പരീക്ഷാ വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

2.കോവിഡ് -19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ, ക്ളാസ്സുകൾ മുടങ്ങാതിരിക്കുന്നതിനായി DASP - യിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

3.ഓൺലൈൻ ക്ലാസുകൾ എടുക്കുന്ന റിസോഴ്സ് അധ്യാപകർക്ക് റെഗുലർ ക്ലാസുകൾക്ക് നല്കുന്ന അതേ നിരക്കിൽ പ്രതിഫലം നല്കാവുന്നതാണ്.

4.കേന്ദ്രീകൃത ഓൺലൈൻ പരീക്ഷാകേന്ദ്രത്തിനായി അനുവദിച്ചിട്ടുള്ള കെട്ടിടത്തിലെ, ക്യാഷ് കൗണ്ടർ പ്രവർത്തിച്ചിരുന്ന ഭാഗം, കോവിഡ്-19 പകർച്ചവ്യാധി യുമായി ബന്ധപ്പെട്ട് ഫ്രണ്ട് ഓഫീസ് വിപുലപ്പെടുത്തുന്നതിനായി താല്ക്കാലികമായി ആറുമാസത്തേക്ക് നല്കാവുന്നതാണ്. പരീക്ഷാ കേന്ദ്രത്തിൻറെ രണ്ടാംഘട്ട നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പായി ടി ഭാഗം ഒഴിവാക്കി നല്കേണ്ടതുമാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

5. DASP - യ്ക്ക് വേണ്ടി പഠന സോഫ്റ്റ്‌വെയർ (ALEMS) വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 29.01.2020 ൽ നടന്ന റിവ്യൂ മീറ്റിങ്ങിൽ പങ്കെടുത്തതിന് ടെക്നിക്കൽ കമ്മിറ്റി അംഗം, ശ്രീ. അരുൺ രവിക്ക് സിറ്റിംഗ് ഫീസായി Rs.5000/- (രൂപാ അയ്യായിരം മാത്രം) നല്കാവുന്നതാണ്.

6. UGC - യുടെ NSQF പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി
a. Diploma in Bakery & Confectionery -1 Year
b. Certificate in Digital Marketing - 6 Months
c. PG Diploma in Data & Business Analytics - 1 Year
d. PG Diploma in Food Processing & Quality Assurance -1 Year
എന്നീ പ്രോഗ്രാമുകൾക്ക് പ്രൊപ്പോസൽ തയ്യാറാക്കി അപേക്ഷിക്കാവുന്നതാണ്. ആയതിലേക്ക് ആവശ്യമായ ഇൻഡസ്ട്രിയൽ പാർട്ണേഴ്സുമായുള്ള കരാറിൽ ഒപ്പ് വെയ്ക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്താവുന്നതാണ്.

7. DASP- യ്ക്ക് വേണ്ടി പ്രോഗ്രാമുകൾ നടത്തുന്നത് വിവിധ സ്കൂളുകൾ /പഠന വകുപ്പുകൾ / സെൻററുകൾ ആയതിനാൽ, DASP പ്രോഗ്രാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പർച്ചേസ് ( Chemicals/ Small Equipments/ Stationaries/ Raw Materials etc.) കുറ്റമറ്റ രീതിയിലും വേഗത്തിലും സാധ്യമാകുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഫിനാൻസ് ഓഫീസറുമായി ആലോചിച്ച് തയ്യാറാക്കുന്നതിന് DASP ഡയറക്ടർ -ഇൻ - ചാർജിനെ ചുമതലപ്പെടുത്താവുന്നതാണ്.

8. 26/05/2020 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവകലാശാലയിലെ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡി.എ.എസ്.പി യുടെ കീഴിലാക്കാനും, ഇരു സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു എക്സിക്യൂട്ടീവ് ഡയറക്ടറെ നിയോഗിക്കാനും തീരുമാനിച്ചിരുന്നു. അതിൻപ്രകാരം 50,000 /-രൂപ (അൻപതിനായിരം രൂപാ മാത്രം)പ്രതിമാസ വേതനത്തോടെയും, താഴെപ്പറയുന്ന യോഗ്യതകളോടെയും ടി എക്സിക്യൂട്ടീവ് ഡയറക്ടറെ ഒരു വർഷത്തേക്ക് താല്ക്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്.

<u>Essential Qualifications:-</u>

1. M.Tech/ M.C.A/ M.Sc.Computer Science
2. PhD (Submitted/Awarded)

<u>Desirable Qualifications: -</u>

1. Administrative Experience/ Team Leadership
2. Experience/ expertise in emerging areas like Data Analytics/ Machine Learning/ Robotics/Cloud Computing/ Block Chain etc.
3. Interdisciplinary/ Transdisciplinary/ Crossdisciplinary strengths
4. Academic qualifications in management

Note: Age not above 45 years as on 01.07.2020 and total experience of at least 5 years

DASP എക്സിക്യൂട്ടീവ് കമ്മറ്റി യോഗം മുന്നോട്ടു വെച്ച മേൽ ശുപാർശകൾ 26/06/ 2020 -ൽ വൈസ്

Draft #9 of File 28575/ASSISTANT DASP1/2019/DASTP Approved by DEPUTY REGISTRAR on 03-Jul-2020 02:51 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ചാൻസിലർ അംഗീകരിച്ചിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അശോകൻ എൻ കെ

ഡെപ്യൂട്ടി രജിസ്ട്രാർ
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) PS to VC / PVC
2) PA to Registrar/ CE / FO
3) Director-in-Charge, DASP
4) Section Ac.A 5
5) Audit -V
6) Content Management Cell
7) Records

Draft #9 of File 28575/ASSISTANT DASP1/2019/DASTP Approved by DEPUTY REGISTRAR on 03-Jul-2020 02:51 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം